# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -26

## ഗവ യു പി എസ് പൊഴിയൂർ

കുട്ടികളിൽ ഉണ്ടാകുന്ന പഠന വിടവുകൾ നികത്തുകയും പഠന പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുക,നല്ല മനോഭാവം വളർത്തുക ,സ്വയം പഠനം ,സ്വയംവിലയിരുത്തൽ,പരസ്പര വിലയിരുത്തൽ,വിദ്യാലയത്തെ വിലയിരുത്തൽ പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തലുറപ്പുവരുത്തൽ എന്നിവ ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തലുകളാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്

വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി .കമ്പ്യൂട്ടർ/ ലാപ്ടോപ്പുകൾ എന്നിവയെല്ലാം മുഴുവൻ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടും വിധത്തിൽ ഉപയോഗിക്കുന്നതിനും കഴിയുന്ന പാർശ്വവത്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവരും മറ്റു കുട്ടികളും തമ്മിലുള്ള അകലം കുറയ്ക്കാനും കഴിയുന്ന നിലവിൽ വിദ്യാലയത്തിൽ നടന്നു കൊണ്ടിരിക്കുന്ന മികവാർന്ന പ്രവർത്തനങ്ങളുടെ തുടർച്ചയാണ് മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നതു .

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടി അതിന്റെ കാമ്പ് ഉൾക്കൊണ്ടുകൊണ്ട് നടപ്പാക്കുന്നതിനും വിദ്യാലയം ഒരു യൂണിറ്റ് എന്ന നിലയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും അക്കാദമിക മികവ് വിദ്യാലയ മികവ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ടീം പൊഴിയൂർ തയ്യാറാണെന്ന് ഓർമപ്പെടുത്തി ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു

## സ്കൂൾ വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. വായനശേഷി വർദ്ധിപ്പിക്കാൻ
5. ശാസ്ത്ര പോഷണ പരിപാടി
6. ലബോറട്ടറി നവീകരണം (ശാസ്ത്രം, ഗണിതം, സാമൂഹ്യ ശാസ്ത്രം)
7. ലൈബ്രറി ശാക്തീകരണം
8. ജൈവവൈവിധ്യ പാർക്ക്
9. എൽഎസ്എസ്, യു എസ് എസ് പരീക്ഷ പരിശീലനം
10. പ്രവർത്തി പരിചയ പരിശീലനം
11. കലാ പരിപോഷണം
12. പച്ചക്കറിത്തോട്ടം
13. ദിനാചരണങ്ങൾ_ശക്തിപ്പെടുത്തൽ
14. കായിക ശേഷി വികസനം
15. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
16. ജന്മദിന പുസ്തകം
17. ശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, പ്രവർത്തിപരിചയമേളകൾ
18. ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

അക്കാദമിക മാസ്റ്റർ പ്ലാൻ
മേഖല: യു.പി.എസ് മലയാളം
ഗവ: യു.പി.എസ് പൊഴിയൂർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂട (കഥ, കവിത,യാത്രാനുഭവം,അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | ഭാഷാകേളി അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് അക്ഷരങ്ങളും, ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച്പദങ്ങളുടേയും, വാക്യങ്ങളുടെയും നിർമ്മാണം; | ജൂൺ | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകത്തേക്ക്പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകൻ | |
| | വാർത്താവായന നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തിതിരഞ്ഞെ കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ് | |

| | | | | |
|---|---|---|---|---|
| | അതാത് മാസത്തെ പ്രധാനസംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മൽസരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ്ബ് | |
| പഠിതാവിൽ നല്ല ശീലവും, സംസ്ക്കാരവും വളർത്തുന്നു. എഴുത്ത് ഉറപ്പ് വരുത്തുന്നു. | ഡയറി എഴുത്ത്<br><br>എല്ലാദിവസവും കുട്ടികളെ കൊണ്ട് ഡയറി എഴുതിക്കുന്നു. ഭാഷാ പ്രവർത്തനങ്ങളുടെ ഭാഗമായ ഡയറി എഴുത്തിലൂടെ സ്വന്തം ആശയം പ്രകടിപ്പിക്കാൻ അവസരം ലഭിക്കുന്നു. ദിനചര്യകൾ പരാതി എഴുതാതെ വേറെ മാതൃതയിലുള്ള ഡയറിക്കുറിപ്പുകൾ പരിചയപ്പെടുത്തുന്നു. (ഉദാ:ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ, അധ്യാപികയുടെ ഡയറിക്കുറിപ്പുകൾ) | വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനം | മലയാളം അധ്യാപകർ | |
| സാഹിത്യ കൃതികളോടും സാഹിത്യകാരൻമാരോടുമുള്ളഅനുകൂലമനോഭവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗാത്മക ശേഷി വളർത്തൽ | സംവാദം /മുഖാമുഖം<br>സാഹിത്യകുരൻമാർ, കലാകാരന്മാർ, എഴുത്തുകാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദവും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | എച്ച്.എം മലയാളം അധ്യാപകർ | |
| മാലയാളം കംമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | ഇ- കംമ്പ്യൂട്ടറിംഗ് മുഴുവൻ കുട്ടികളേയും മലയാളം കംമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം ഐ.ഡി അധ്യാപകൻ | |
| | മുഴുവൻ പഠിതാക്കളുടേയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | CSWN<br>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഓഡിയോ/ വിഡിയോ പ്രവർത്തനങ്ങൾ, കാണാനും, കേൾക്കാനും പരിചയപ്പെടാനും അവസരം നൽകുന്നു. | വർഷം മുഴുവൻ | മലയാളം അധ്യാപകർ | |

ACADEMIC MASTER PLAN

UP ENGLISH

| AIM | ACTIVITIES | MONTH |
|---|---|---|
| 1. develop proper listening and speaking skill | Follow me if you can: provide facilities to act according to the directions given by the teacher | June |
| | Lend your ear : give opportunities to the students to hear simple and funny English audio lips and ask them to answer simple questions | July |
| | Treasure hunt: teacher hides some objects here and there .ask the students to find cut an object and say something about the object . | August |
| | Brealany news : make opportunities to hear dailty news and encourage the students to understand the actual pronunciation | September |
| | One man show : by giving an idea, provide an opportunity to present by action | October |
| | Meet the foreigner: make arrangement to com converse with a bokeigneer | December |
| 2. Improve reading skill | I can too : arrange different types of reading cards encourage the students to read it properly ( from simple to complex) | June |
| | Learning ladder: note some words from lessons on a chart and make opportunity to read from a mirror.one who read correctly got valuable gifts. | July-January |
| | Reader of the month : by giving opportunity to read daily news paper and appreciate reader of the month | All Months |
| | Fm corner: opportunity to present drama through an audio form | Per Term |

| | | |
|---|---|---|
| 3. Develop writing skill properly | Run baby run : encourage to write words of sentences without mistakes by using flash cards or charts | June |
| | Alert zone : encourage to prepare sign boards, posters notices. | Related to All Special Day Celebrations |
| | My droplets: prepare a mayazine of children's creative works. | February |
| | Fun time : encourage to write dialogues based on lesson, proverbs funny questions and present in the class. | During English periods |
| 4. Increase confidence in English language | Meeting product : encourage to present skit, poems, conversations role-play's, story telling, story writing , speech etc during school assemblies, English club activities English test etc | Each and every month |
| | Grand camp : organise a camp including parents dignitaries from different fields in an English atmosphere | February - march |

# ആമുഖം

---------------------

കുഞ്ഞുങ്ങളുടെ സർവ്വതോൻമുഖമായ വളർച്ചയിൽ ഭാഷയുടെ പങ്ക് വളരെ വലുതാണ്. മാതൃഭാഷ കുഞ്ഞുങ്ങൾ സ്വായത്തമാക്കുന്നത് സ്വാഭാവിക രീതിയിലാണ്. എന്നാൽ മറ്റു ഭാഷകൾ പഠന വിഷയമാക്കിക്കൊണ്ട് സ്വായത്തമാക്കുകയാണ് ചെയ്തുവരുന്നത്. നമ്മുടെ പൊതു വിദ്യാലയങ്ങളിൽ ഹിന്ദി ഭാഷാ പഠനം ആരംഭിക്കുന്നത് തന്നെ മൂന്നാം ഭാഷ എന്ന നിലയിൽ അഞ്ചാം ക്ലാസിലാണ്. അതുകൊണ്ടുതന്നെ ഒരു പുതിയ ഭാഷയിൽ വായനയും എഴുത്തും മികവുറ്റതാക്കുക എന്നത് കുട്ടികൾക്ക് പ്രയാസമേറിയ കാര്യമായി കണ്ടുവരുന്നു. ഈ സ്ഥിതി മറികടക്കാൻ ക്ലാസ് മുറികളിൽ ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, എഴുത്തിലും വായനയിലും കഴിവ് നേടാൻ ആവശ്യമായ കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നതിനും കൃത്യമായ ആസൂത്രണം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഈ ആസൂത്രണം തയ്യാറാക്കാൻ സാധിക്കുന്നു. കൃത്യവും സൂക്ഷ്മവും ആയ ആസൂത്രണത്തിലൂടെ കുട്ടികൾക്ക് ഹിന്ദി ഭാഷയോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനും ഹിന്ദി കൂടുതൽ കേൾക്കുന്നതിനും, എഴുത്തിനും, വായനയ്ക്കും കൂടുതൽ അവസരങ്ങൾ നൽകുന്നതിനും കഴിയും.

# GOVT UPS POZHIYOOR

## അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഹിന്ദി UP

| Sl No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | Up തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ➢ അക്ഷരം എഴുത്ത്<br>➢ ചിഹ്നം ഉറപ്പിക്കൽ<br>➢ അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>➢ Class ൽ അക്ഷരമാല പ്രദർശനം<br>➢ ഓൺലൈൻ അക്ഷരമാല കളികൾ<br>➢ വാക്കുകൾ എഴുതിയ കാർഡ്കൾ<br>➢ വാക്കുകൾ നിർമ്മാണം<br>➢ വാക്യങ്ങളുടെ നിർമ്മാണം | June to august | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>പദകാർഡ്<br>worksheets | BRC<br>DIET<br>SCERT<br>(ആവശ്യമെങ്കിൽ)<br>RESOURCE TEACHERS |
| 2 | വീട് ഒരുപരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | ➢ വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>➢ ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള<br>➢ CWSN കുട്ടാകളുടെ പങ്കാളിത്തം | September to October | ഹിന്ദി നിഘണ്ടു | PTA<br>BRC<br>Resource Teacher |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുള്ള അവസരം (സുരീലിഹിന്ദി) | ➢ ഹിന്ദി അസംബ്ളി<br>➢ ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ14, ജനുവരി10)<br>➢ ക്ലാസ് ലൈബ്രറി<br>അധികവായന സാമഗ്രികൾ<br>➢ ചിത്രസഹായത്തോടെ<br>ചിത്രകഥ തയ്യാറാക്കൽ<br>➢ ചിത്രം-അടിക്കുറുപ്പ്<br>➢ ചിത്രം-കഥപറയൽ<br>➢ ചിത്രം-കഥഎഴുതൽ<br>➢ കഥബാക്കി എഴുതൽ<br>➢ വായനമൂല<br>➢ ഹിന്ദിക്ലബ് പ്രവർത്തനങ്ങൾ | November to February | പുസ്തകങ്ങൾ<br>സുരീലി<br>ഹിന്ദി<br>Audio/ Video (ICT) | BRC<br>DIET<br>PTA<br>SCERT |
| | | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## UP സാമൂഹ്യശാസ്ത്രം

## GOVT. U P S POZHIYOOR

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതലഅറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട്:കളിയിൽനിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് പറ്റുന്ന പ്രവർത്തനങ്ങൾ ഓരോ കുട്ടിക്കും നൽകുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്ന പ്രവർത്തനങ്ങൾ | ഓർമ്മച്ചെപ്പ്: അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ICT സാധ്യത പ്രയോജനപ്പെടുത്തി MEMORY TEST കൾ നടത്തുന്നു | ജൂൺ<br>ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്ത ിഇരിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു | കുട്ടികൾ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം മാതൃകകൾ ക്ലാസ്സ് ലീഡർ തിരഞ്ഞെടുപ്പ് സ്കൂൾ ഇലക്ഷൻ എന്നിവനടത്തുന്നു. | ജൂൺ<br>ജൂലൈ | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| | ഗ്രാമസഭ വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്ന പ്രവർത്തനങ്ങൾ, ക്ലാസ്സുകൾ | | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| | VIRTUAL FIELD TRIP ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളെ ചരിത്രബോധമുള്ള പൗരൻമാരാക്കി മാറ്റുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പ്രകൃതിതാണ്ഡവം | | | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം തുടങ്ങിയ ഭീതിജനമായ പ്രകൃതിദുരന്തങ്ങളെയും അവയുടെ തീവ്രതയെയും മനസിലാക്കാൻ സഹായിക്കുന്ന ക്ലാസുകൾ സംഘടിപ്പിക്കുകയും ദൃശ്യങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| ജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നന്മയുടെ നുറുങ്ങുവെട്ടം പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൻ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| വിവരവിനിമയ സങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ച് ക്രിമിനൽ പ്രവർത്തനങ്ങളെ ക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബാധവന്മാരാകുന്നു | ചിലന്തിവലയിൽ നിന്നും കുതിച്ചുചാട്ടം<br><br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA |
| സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു | (ഫീൽഡ്ട്രിപ്പ്)<br><br>മനുഷ്യന്റെ ഇടപെടലുകൾ പരിസ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ നേരിട്ട് കണ്ട മനസിലാക്കാൻ കുട്ടികൾക്ക് അവസരം | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## UP BASIC SCIENCE

## GOVT. U P S POZHIYOOR

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധച്ചെടികൾ എന്നിവ ഉൾപ്പെടുത്തിയുള്ള <u>ജൈവവൈവിധ്യപാർക്ക്</u><br>പാർക്ക്വിപുലീകരണം | അക്കാദമിക് വർഷം | സയൻസ് ക്ലബ് |
| | <u>പഠനയാത്ര</u><br>കണ്ടൽക്കാട് സന്ദർശനം, കാവുകൾ സന്ദർശനം, പുഴയെ അറിയാൻ യാത്രകൾ കടൽതീരയാത്ര | ജൂലൈ ആഗസ്റ്റ് | സയൻസ് ക്ലബ് |
| | <u>പരീക്ഷണങ്ങൾ</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങൾ ആവിഷ്കരിക്കുക | ജൂൺ മുതൽ | സയൻസ് ക്ലബ് |
| 2.ശാസ്ത്ര പ്രകിയാശേഷി വികസിപ്പിക്കുക | ശാസ്ത്ര ക്ലബ്, ഹെൽത്ത് ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രോജക്ടുകൾ തയ്യാറാക്കുക. ശാസ്ത്രോത്സവം സംഘടിപ്പിക്കുക | അക്കാദമിക് വർഷം | സയൻസ ്ക്ലബ്<br>ഹെൽത്ത് ക്ലബ് |
| 3.ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | <u>അഭിമുഖം</u><br>ശാസ്ത്രമേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തുക, ശാസ്ത്ര ശില്പശാലകൾ നടത്തുക | അക്കാദമിക് വർഷം | സയൻസ് ക്ലബ് |
| | <u>ശാസ്ത്രലൈബ്രറി</u><br>ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | ജൂൺ മുതൽ | ശാസ്ത അധ്യാപകർ |
| | <u>വീഡിയോപ്രദർശനം</u><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ നൂതന ആശയങ്ങൾ എന്നിവയുടെ പ്രദർശനം | അക്കാദമിക് വർഷം | ശാസ്ത അധ്യാപകർ |

| | | | |
|---|---|---|---|
| 4. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | പരിസ്ഥിതിദിനം, സമുദ്രദിനം, ചാന്ദ്രദിനം തുടങ്ങിയവ<br>ഇക്കോക്ലബുമായി സഹകരിച്ച് പോസ്റ്റർ നിർമ്മാണം, ക്വിസ്, പഠനയാത്രകൾ, റിപ്പോർട്ട് തയ്യാറാക്കൽ, അവതരണം | അക്കാദമിക് വർഷം | ശാസ്ത്ര ക്ലബ്, ഇക്കോ ക്ലബ്, വിദ്യാർത്ഥികൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# UP MATHEMATICS

# GOVT. U P S POZHIYOOR

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ്‌വരുത്തുന്നു | കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർകാർഡ്, കുന്നിക്കുരു, മുത്തുകൾ) ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും ശേഷികളുടെ വികാസവും | ടാൻഗ്രാംശില്പശാല ടാൻഗ്രാം നിർമിക്കുന്നതിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങളുടെനിർമാണം, ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ ,പ്രദർശനം | ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങളുടെ നിർമിതിയിലൂടെ പഠിതാക്കളിൽ ഗണിതപഠനം ലളിതമാക്കുന്ന പ്രവർത്തനങ്ങൾ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ് | PTA |
| ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യവും കഴിവും വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രഗൽഭരായ അധ്യാപകർ കുട്ടികൾക്ക് ക്ലാസ്സുകൾ നൽകുന്നു | 4-5 പ്രാവശ്യം | ഗണിത അധ്യാപകൻ ക്ലബ് കൺവീനർമാർ | PTA |
| ആധുനികശാസ്ത്ര സാങ്കേതിക സാധ്യതകൾ ഗണിത പഠനത്തിന് പ്രയോജന പ്പെടുത്തുന്നു | **IT** സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ, ടാൻഗ്രംപോലുള്ള പ്രവർത്തനങ്ങൾ സാധ്യതകളിലൂടെ കുട്ടികളിലേക്ക എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു | ഓരോ മാസവും | ഗണിത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിതക്ലിനിക്ക്<br><br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന മാർഗനിർദ്ദേശങ്ങൾ നൽകി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | Weekend | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| വിവിധശേഷികളുടെവികസനം | ദിനാചരണം<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ<br>SRG ൽ ചർച്ച ചെയ്ത് അതാത് ദിവസങ്ങളിൽ പ്രവർത്തനങ്ങൾ നൽകുന്നു | ആവശ്യാനുസരണം | SRG | |

*അക്കാദമിക മാസ്റ്റർ പ്ലാൻ*

ക്ലാസ് 1

മലയാളം

---

**ആമുഖം**

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന ,വിവിധ വ്യവഹാര രൂപങ്ങൾ , സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടം കൈവരിക്കുന്ന തിനോടൊപ്പം കുട്ടികളുടെ ശാരീരികവും,

മാനസികവും, വൈകാരികവുമായ നേട്ടങ്ങൾ കൈവരിക്കേണ്ടത് ആയിട്ടുണ്ട്. ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടിക്ക് സ്വായത്തമാക്കണം. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങി ചെല്ലുന്നു.

* ലക്ഷ്യങ്ങൾ*

---

*ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവു ള്ളവരാക്കുക

*എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പും വരുത്തുക.

*രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ.

*ലളിതമായ വായനാ കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.

*കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തി കുട്ടിയെ മെച്ചപ്പെടുത്തൽ.

---

## ജൂൺ

*ചിത്ര കാർഡുകൾ വായന, കാർഡുകൾ.

*സച്ചിത്ര നോട്ടുബുക്ക് തയ്യാറാക്കൽ.

*താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

## ജൂലൈ

*സചിത്ര നോട്ട്ബുക്ക് തയ്യാറാക്കൽ.

*സംയുക്ത ഡയറി ഒറ്റവാക്കിൽ എഴുതാൻ അവസരം ഒരുക്കുന്നു.

*ക്ലാസ് ലൈബ്രറി ഒരിക്കൽ. പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു.

## ആഗസ്റ്റ്

*പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കൽ.

*ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്രവായന കാർഡുകൾ തയ്യാറാക്കി അവതരണം.

*ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കൽ.

*സചിത്ര നോട്ടുബുക്കിൽ ചിത്രങ്ങൾ ഒട്ടിക്കാൻ അവസരം ഒരുക്കൽ.

*ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

*അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കൽ.

*വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.

*ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

*കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റിയെടുക്കുന്നു.

## ഒക്ടോബർ

*എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

*സി പി ടി എ യിൽ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു.

*കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

*ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്യുന്നു.

## നവംബർ

സംയുക്ത ഡയറി കൂടുതൽ വാക്യഘടനയിൽ എഴുതി ചേർക്കൽ.

*കൂട്ട വായന- കുട്ടിക്കൂട്ടങ്ങൾ ചെറിയ വായനാ കാർഡുകൾ, ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്ര വായന നടത്തുന്നു.

## ഡിസംബർ

*കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

*സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാ ശേഷികളിൽ ഏർപ്പെടുന്നു.

*സംയുക്ത ഡയറി, സച്ചിത്ര പുസ്തകം കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

*കുട്ടികൾ എഴുതിയ ചെറു കവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.

*സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ ഫോർട്ട് പോളിയോയിൽ സൂക്ഷിക്കുന്നു.

*കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.

*കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

*ആശയ പൂർണ്ണതയോടെ തത്സമയ രചനകൾ നടത്തുന്നു.

## ഫെബ്രുവരി

*ഭാഷോത്സവം ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

*സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.

## മാർച്ച്

*പിടിഎ മീറ്റിംഗിൽ പ്രകാശനം നടത്തുന്നു.

*വായനപരി പോഷിപ്പിക്കാൻ വിവിധ പ്രവർത്തന ഘട്ടങ്ങൾ തയ്യാറാക്കുന്നു.

# ഗണിതം STD 2

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവും ആയി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസ ഗണിത പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ടു തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗസഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും താല്പര്യമായി നേടിയെടുക്കേണ്ട നേരെ എടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ടുവയ്ക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാ ബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം , എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

*സംഖ്യ ബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കൽ .

* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു.

* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന് മേഖലയിൽ എത്തിച്ചേരൽ.

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

## മുന്നൊരുക്കം

ഗണിത ആശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

### പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടൽ.

## ജൂൺ

പാറ്റേൺ കളിയിലെ സംഖ്യാബോധം കണ്ടെത്തൽ.

ഒരു സംഖ്യയോട് ഒന്നു കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, ഒന്ന് കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന് തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

*ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

*ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കാൻ

*പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

## ആഗസ്റ്റ്

*വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.

*സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.

*ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

*ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.

*വില വിവരപ്പട്ടിക തയ്യാറാക്കൽ.

*ക്ലാസ്സിൽ ഒരു കട, സ്കൂളിൽ ഒരു കട, ഗണിത ആശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ.

## ഒക്ടോബർ

*രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

*രണ്ടക്കസംഖ്യയിൽ നിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം.

*രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം വ്യവകലനം.

*സങ്കലിന് വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

*സംഖ്യ പാറ്റേണുകൾ രൂപീകരിക്കൽ. പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ.

## നവംബർ

*സ്ഥാന വില തിരിച്ചറിയൽ.

*പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളി നോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.

*ക്ലാസ്സിൽ ഒരു കട കളിയിലൂടെ പ്രശ്നം നിർദ്ധാരണം ചെയ്യൽ.

*നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.

## ഡിസംബർ

*സംഖ്യാബോധം തിരിച്ചറിയൽ, സംഖ്യ വ്യാഖ്യാനം ഉറപ്പാക്കൽ.

*സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി അബാക്കസ് നിർമിക്കൽ.

*രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

*വില വിവര പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർത്താനം ചെയ്തു തുക കണ്ടെത്തൽ രീതികൾ.

*സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ.

## ഫെബ്രുവരി

*ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതലാപനം നടത്തൽ.

*ഉല്ലാസ ഗണിതം ഉപകരണങ്ങൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ, ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

**ആഗസ്റ്റ്**

*പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ.

*ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

**സെപ്റ്റംബർ**

*ഓരോ ദിവസത്തെയും പ്രഭാതകൃത്യങ്ങൾ ചെയ്യേണ്ടതിന്റെ ആവശ്യകത ചർച്ച.

*കുട്ടികളെ ഗ്രൂപ്പുകൾ ആക്കി പരിശോധന. ചുമതല ഗ്രൂപ്പുകൾക്ക്

**നവംബർ**

*മലിനീകരണം സർവ്വേ

*മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.

**ഡിസംബർ**

*നമ്മുടെ നാടിനെ അടുത്തറിയാൻ ഫീൽഡ് ട്രിപ്പ്.

**ജനുവരി**

*ശാസ്ത്ര കൗതുകം ഉണർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

*പക്ഷേ നിരീക്ഷണത്തിന് അവസരം

**ഫെബ്രുവരി**

*പ്രകൃതി സംരക്ഷണം-അവബോധം.

**മാർച്ച്**

*പൂന്തോട്ടത്തിൽ കിളികൾക്ക് ദാഹജലം ക്രമീകരിക്കാം.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## പരിസര പഠനം CLASS- 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പ്രകൃതി നടത്തം** നിരീക്ഷണം, അറിവുനിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM PTA | PTA |
| **ശാസ്ത്രമൂല** ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG Class Tr | PTA SSA |
| **ശാസ്ത്രയാത്ര** ശാസ്ത്രപഠനത്തിൽ താൽപര്യ ജനിപ്പിക്കൽ | വാനനിരീക്ഷണകേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര പ്രദർശനങ്ങൾ, സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG, PTA Class Tr | PTA Parents |
| കേരളം – ഇന്ത്യ ഭൂപടം വായനസൂചിക പരിചയപ്പെടൽ | ഭൂപട വായന, ഭൂപട രചന സൂചിക നിർമ്മാണം | വർഷത്തിലൊന്ന് | SRG Class Tr | PTA |
| ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കാൻ | ആവശ്യാനുസരണം | SRG Class Tr | PTA |
| ശാസ്ത്രോത്സവം ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണങ്ങൾ, പരീക്ഷണം, ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | HM SRG Class Tr | PTA |

# ACCADEMIC MASTER PLAN

## ENGLISH LP [illegible]

## JUNE TO MARCH 2025

| AIM | ACTIVITIES | Period | Duty | |
|---|---|---|---|---|
| Helping to improving LSR listening speaking reading skills | A study English language | | | |
| English assembly | Assembly in one day per weak student conduct the assembly | Entire year | Class Tr | |
| Listening skills Use ICT also | Games action songs ,hello English activities skit conversation , stories | Entire year | English Tr | |
| Speaking skills | Description growing sentence picture reading picture description self-introduction speech , book review, quiz riddles etc | Entire year | English Tr | |
| Reading skills | News paper reading , library books reading book review, reading breaking news , find words, collect and read past tense , rhyming words, describing words etc text book activities | Whole year | English Tr | |
| Writing skills | Make word web, picture description word chain, sentence chain, make words and sentence make viddles, conversations, add more lines, develop story description notice proclamation letter announcement diary | Entire year | English Tr | |
| English theatre Developing artistic skills | English language learning Presenting discourse regarding English chapters in text books , drama conversation, skit story telling | Once in a month | English Tr | SMC |
| English magazine developing writing skills | Creating magazine including students creative works | Once in six month | All teachers | SMC |

# ACCADEMIC MASTER PLAN

## ENGLISH LP

## JUNE TO MARCH 2025

| Aim | Activities | Time | DUTY | |
|---|---|---|---|---|
| To speak and write to develop listening skill and reading skills | Listening skills<br>Games action song hello English activities conversations skit stories use ICT | Jun-march | SRG<br>Class Tr | CPTA |
| To develop speaking skills | Descriptions growing sentence, picture reading , picture descriptions,self introductions assembly activities speech , book review ,quiz, riddles | Jun-march | SRG<br>Class Tr | CPTA |
| To develop reading skills | Reading story card, reading news paper head lines, reading library books, for kids, collect and read past tense, rhyming words, etc text book activities | Jun-march | HM<br>SRG<br>Class Tr | PTA<br>SSA |
| To develop writing skills | Make , word wed picture descriptions ,word chain, sentence chain, make words and sentence make riddle, conversations, add more lines, develop story discriptions diary | July-march | HM<br>SRG<br>Class Tr | PTA<br>SSA |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |

| ഉപമേഖല: പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തിക മാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൽ കൊ ് ജൈവ പന്തലൊരുക്കൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |

| ഉപമേഖല: ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം - അവധിക്കാലത്ത്. | പി.ടി.എ, ഗണിത ടീച്ചർ | 2,00,000/- |
| | 2). ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ-ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ | 2000/- പി.ടി.എ. |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2). ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | - |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | - |

| ഉപമേഖല: പ്രവൃത്തി പരിചയം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉ ാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

## ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര-നൂതന അിറവുകൾ- കലത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | - |

## ഉപമേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |

*ഉപസംഹാരം *

പൊഴിയൂർ ഗവൺമെൻറ് യു പി സ്കൂളിൻറെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിൻറെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന് ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.